# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3021** **10.03.2017-ന് മറുപടിയ്ക്ക്**

**അരൂർ കെൽട്രോൺ കുമ്പളങ്ങി പാലത്തിന്റെ അപ്രോച്ച് റോഡ്**

| | ചോദ്യം<br>ശ്രീ. എ. എം. ആരിഫ് : | | ഉത്തരം<br>ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | അരൂർ കെൽട്രോൺ കുമ്പളങ്ങി പാലത്തിന്റെ അപ്രോച്ച് റോഡിനുള്ള സ്ഥലമെടുപ്പ് സംബന്ധമായ നടപടികൾ ഏത് ഘട്ടത്തിലാണ്; | (എ) | പൊതുമരാമത്ത് വകുപ്പ് ഭരണാനുമതി നല്കുന്ന മുറക്ക് മാത്രമേ LARRAct, 2013 പ്രകാരം സ്ഥലമെടുപ്പ് നടപടികൾ സ്വീകരിക്കാൻ കഴിയൂ. |
| (ബി) | കുമ്പളങ്ങി വില്ലേജിൽ എത്ര സ്ഥലമുടമകളുടെ ഭൂമി ഏറ്റെടുക്കേണ്ടി വരും; | (ബി) | സ്ഥലമെടുപ്പ് നടപടികൾ ആരംഭിച്ചിട്ടില്ലാത്തതിനാൽ പ്രസ്തുത വിവരം ലഭ്യമല്ല. |
| (സി) | സ്ഥലമുടമകളിൽ എത്ര പേർ പൊതുമരാമത്ത് വകുപ്പിന് അഡ്വാൻസായി സമ്മതപത്രം നല്കിയിട്ടുണ്ട്; അവരുടെ പേരുകൾ വ്യക്തമാക്കാമോ; | (സി) | രണ്ട് പേർ .<br>1. ആന്റണി. കെ.വി., കട്ടിക്കാട്ട് ഹൗസ്, മരുവക്കാട് സൗത്ത്<br>2. മേരി നെടുപറമ്പിൽ, കുമ്പളങ്ങി സൗത്ത് |
| (ഡി) | അരൂർ, കുമ്പളങ്ങി വില്ലേജുകളിലായി ആകെ എത്ര സെന്റ് സ്ഥലം സർക്കാർ ഏറ്റെടുക്കേണ്ടിവരും; | (ഡി) | അരൂർ വില്ലേജിൽ 24.72 സെന്റ് സ്ഥലവും കുമ്പളങ്ങി വില്ലേജിൽ 49.43 സെന്റ് സ്ഥലവും |
| (ഇ) | പൊതുമേഖലാ സ്ഥാപനമായ അരൂർ കെൽട്രോൺ കൺട്രോൾസിനെ ഭൂമി വിട്ടുനൽകുന്നതിന് സമീപിച്ചിട്ടുണ്ടോ; ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ഇ) | ഉണ്ട്.<br>പൊതുമേഖലാ സ്ഥാപനമായ അരൂർ കെൽട്രോണിന്റെ ഏകദേശം 25 സെന്റ് സ്ഥലം വിട്ടു നല്കുന്നതിനായി സമീപിച്ചിട്ടുണ്ട്. |
| (എഫ്) | അരൂർ വില്ലേജിൽ ഭൂമി ഏറ്റെടുക്കുന്നതിന് സംയുക്ത പരിശോധന നടത്തിയിരുന്നോ; ഭൂമി ഏറ്റെടുക്കുന്നതിന് ഭൂമി അളന്ന് അതിർത്തി കല്ലുകൾ സ്ഥാപിച്ചിട്ടുണ്ടോ; അപ്രോച്ച് റോഡിനുള്ള ഭൂമി ഏറ്റെടുക്കുന്നതിന് കാലതാമസം വരുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എഫ്) & (ജി) | സ്ഥലമെടുപ്പ് നടപടികൾ ആരംഭിച്ചാൽ മാത്രമെ തുടർ നടപടികൾ സാധ്യമാവുകയുള്ളൂ. |
| (ജി) | ആലപ്പുഴ ജില്ലാതല പർച്ചേസ് കമ്മിറ്റി യോഗത്തിൽ സെന്റ് ഒന്നിന് ജില്ലാകളക്ടർ സമ്മതിച്ച വില എത്ര രൂപയാണ്; ടി പാലത്തിന്റെ അപ്രോച്ച് റോഡിനുള്ള ഭൂമി ഏറ്റെടുക്കുന്നതിലുള്ള തടസ്സങ്ങൾ നീക്കുന്നതിന് റവന്യൂ പ്രിൻസിപ്പൽ സെക്രട്ടറിയുടെ നേതൃത്വത്തിൽ ഉദ്യോഗസ്ഥരുടെ യോഗം വിളിച്ചു ചേർക്കുന്നതിന് നിർദ്ദേശിക്കുമോ? | | |

സെക്ഷൻ ഓഫീസർ